**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2889

10.12.2014-ലെ മറുപടിയ്ക്ക്

**പെരുന്തേനരുവി ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | **ശ്രീ.എ.പി.അനിൽകുമാർ** (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | പെരുന്തേനരുവി കേന്ദ്രീകരിച്ചുള്ള ടൂറിസം പദ്ധതിക്കായി എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; പണി ഏതു ഘട്ടം വരെയായി എന്ന് വിശദീകരിക്കാമോ; ഇനി എന്തൊക്കെ പണികളാണ് നടക്കാനുള്ളത്; | (എ) | പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ടമായി 97,12,800/- (തൊണ്ണൂറ്റിയേഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി എണ്ണൂറ്) രൂപയ്ക്കും രണ്ടാം ഘട്ടമായി 75,85,000/- (എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തി അയ്യായിരം) രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. സിഡ്കോയാണ് നിർമ്മാണചുമതല നിർവ്വഹിക്കുന്നത്. നിലവിൽ 4 കോട്ടേജുകൾ, റസ്റ്റോറന്റ്, ഓപ്പൺ പവലിയൻ, പാർക്കിംഗ്, അരുവിയിലേക്കുള്ള നടപ്പാത, ടോയ്‌ലറ്റ്, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ പെയിന്റിംഗ്, ജല സംവിധാനം ഉൾപ്പെടെയുള്ള ഫിനിഷിംഗ് വർക്കുകൾ പൂർത്തീകരിക്കാനുണ്ട്. |
| (ബി) | പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ പണികൾക്ക് കാലതാമസം നേരിടാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ; | (ബി) | പാറ പൊട്ടിക്കുവാൻ അനുവാദം കിട്ടുവാനുള്ള കാലതാമസമാണ് പദ്ധതി വൈകുവാനുള്ള കാരണം. |
| (സി) | പ്രശ്നം പരിഹരിച്ച് പണികൾ പുനരാരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ; | | **(സി) യും (ഡി) യും** പണികൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച് 19.08.2014-ൽ ജില്ലാ കളക്ടർ എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ |

| | |
|---|---|
| (ഡി) മുടങ്ങിയ പണികൾ എന്ന് പുനരാരംഭിക്കും എന്ന് പറയാമോ; പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ വേണ്ട സമയം എത്രയാണെന്ന് വ്യക്തമാക്കാമോ; എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിച്ച് സഞ്ചാരികൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ? | പെരുന്തേനരുവിയിൽ വിളിച്ചു ചേർത്ത യോഗം, അനുമതി നൽകിയ തുകയിൽ നിർമ്മാണം പൂർത്തീകരിക്കാൻ സിഡ്കോയ്ക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 4 കോട്ടേജുകൾ, റസ്റ്റോറന്റ്, ഓപ്പൺ പവലിയൻ, പാർക്കിംഗ്, അരുവിയിലേക്കുള്ള നടപ്പാത, ടോയ്‌ലറ്റ്, വൈദ്യുതീകരണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും ഡിസംബറിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | നിർവഹണ ഏജൻസി | അനുവദിച്ച തുക | പ്രവൃത്തിയുടെ വിശദാംശം | കാലാവധി |
|---|---|---|---|---|---|
| 1 | ആക്കുളം ടൂറിസ്റ്റ് വില്ലേജ് നവീകരണം | കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | 1,33,99,610/- | പാർക്ക്, സ്വിമ്മിംഗ്പൂൾ എന്നിവയുടെ നവീകരണം, നടപ്പാത, പവിലിയനുകൾ എന്നിവയുടെ നിർമ്മാണം, വൈദ്യുതീകരണം മുതലായവ | 12 മാസം |
| 2 | കല്ലാർ ക്യാമ്പിംഗ് സെന്റർ | കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | 1,18,00,000/- | ഡോർമിറ്ററി, റസ്റ്റാറന്റ്, കോൺഫറൻസ് ഹാൾ എന്നിവയുടെ നിർമ്മാണം | 12 മാസം |
| 3 | ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, വാമനപുരം | കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം | 1,36,00,000/- | റസ്റ്റാറന്റ്, ടോയ്ലറ്റ്, പാർക്കിംഗ് ഗ്രൗണ്ട്, അമിനിറ്റി സെന്റർ | 6 മാസം |
| 4 | നെയ്യാർഡാം, കാപ്പിൽ ബോട്ടുക്ലബ്ബുകളുടെ നവീകരണം, കൊല്ലമ്പുഴ, ചിറയിൻകീഴ്, മുരുക്കുംപുഴ എന്നിവിടങ്ങളിലെ ബോട്ടുക്ലബ്ബുകളുടെ നിർമ്മാണം | ഡി.റ്റി.പി.സി, തിരുവനന്തപുരം | 2,02,50,000/- | പുതിയ ബോട്ടുകൾ, എഞ്ചിനുകൾ ഏർപ്പെടുത്തുന്നത് | 12 മാസം |
| 5 | കോവളം ബീച്ച് ലൈറ്റിംഗ് | കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ | 1,62,00,000/- | കോവളം ടൂറിസ്റ്റ് മേഖലയിൽ പ്രകാശ സംവിധാനം ഏർപ്പെടുത്തുക | 6 മാസം |
| 6 | അരിവാളം ബീച്ച് ടൂറിസ്റ്റ് കേന്ദ്രം | കേരള കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ | 1,00,00,000/- | വൈദ്യുതികരണം നടപ്പാത നിർമ്മാണം, മറ്റ് സംവിധാനങ്ങൾ | 6 മാസം |
| 7 | തമ്പുരാൻപാറ എക്കോ ടൂറിസം സെന്റർ | ഡി.റ്റി.പി.സി, തിരുവനന്തപുരം | 40,00,000/- | ട്രക്കിംഗ് സെന്റർ നിർമ്മാണം | 12 മാസം |
| 8 | അരുവിക്കര, കല്ലാർ, പൊന്മുടി, പേപ്പാറ ട്രക്കിംഗ് സർക്യൂട്ട് | ഡി.റ്റി.പി.സി, തിരുവനന്തപുരം | 40,00,000/- | ട്രക്കിംഗ് സർക്യൂട്ട് നിർമ്മാണം | 6 മാസം |
| 9 | ശംഖുംമുഖം തീര സൗന്ദര്യവത്കരണ പദ്ധതി | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് | 2,50,00,000/- | തീരസൗന്ദര്യവത്കരണം | 12 മാസം |
| 10 | നാടുകാണിപ്പാറ ടൂറിസം പദ്ധതി | ഡി.റ്റി.പി.സി, തിരുവനന്തപുരം | 27,00,000/- | വ്യൂ പവിലിയൻ, നടപ്പാത തുടങ്ങിയവ | 12 മാസം |
| 11 | വഴിയോരവിശ്രമകേന്ദ്രം, വിതുര | ഡി.റ്റി.പി.സി, തിരുവനന്തപുരം | 16,50,000/- | കഫറ്റീരിയ, ടോയ്ലറ്റ് | 12 മാസം |

സെക്ഷൻ ഓഫീസർ